**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4217** **18-07-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖല സ്ഥാപനങ്ങളിലെ തസ്തികകളിൽ പി.എസ്.സി.യുടെ പരിധിയിൽ വരാത്തവയിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിന് പബ്ലിക് സെക്ടർ സെലക്ഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിലെ ഒഴിവുകളിലേക്ക്, സുതാര്യമായും ഏകീകൃതമായും നിയമനങ്ങൾ നടത്തുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളുടെ ഭരണനിയന്ത്രണത്തിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളും ആവശ്യമെങ്കിൽ വിജ്ഞാപനം മുഖേന ഈ ബോർഡിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നിയമ വ്യവസ്ഥയും ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖല സ്ഥാപനങ്ങളുടെ എം.ഡി./ സി.ഇ.ഒ.മാരുടെ നിയമനവുമായി ബന്ധപ്പെട്ട് പുതിയ മാനദണ്ഡം എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ? | (ബി) | ഉണ്ട്. വ്യവസായ വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികളായി അതാത് മേഖലകളിൽ പ്രാവീണ്യം നേടിയവരെ നിയമിക്കുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്കനുസൃതമായി മാനേജിംഗ് ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ യോഗ്യതകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. മലബാർ സിമന്റ്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ & അലയ്ഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, കെസിസിപി ലിമിറ്റഡ്, കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് എന്നിവയിലെ മാനേജിംഗ് ഡയറക്ടർ തസ്തികയുടെ യോഗ്യതകൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകൾ ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ